വൈദ്യുതി ചാർജ് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ

16 (6467) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കാനായി കേന്ദ്ര-സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ /പൊതുമേഖല എന്നിങ്ങനെ എത്ര സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിട്ടുണ്ട് ;

(ബി) ഇവയിൽ കുടിശ്ശിക അടച്ച് സർവ്വീസ് പുനഃസ്ഥാപിച്ച സ്ഥാപനങ്ങൾ ഏതെല്ലാം ; ഇതുവഴി എന്തുതുക കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ സാധിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(സി) കുടിശ്ശിക അടയ്ക്കാത്ത ഏതെല്ലാം കേന്ദ്ര-സംസ്ഥാന സർക്കാർ /അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളുടെ പേരിലാണ് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചത് ; ഇതിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിച്ചു ; വ്യക്തമാക്കുമോ ;

(ഡി) ഒരു ദിവസം കഴിഞ്ഞാൽ വൈദ്യുതി ബിൽ അടയ്ക്കാത്ത ഗാർഹിക ഉപഭോക്താക്കളുടെ കണക്ഷൻ ഉടൻതന്നെ വിച്ഛേദിക്കുമ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ എന്നിവ കോടികളുടെ കുടിശ്ശിക വരുത്തുന്നതും അവരുടെ കണക്ഷൻ മാത്രം വിച്ഛേദിക്കാതിരിക്കുകയും ചെയ്യുന്ന നയം പുനഃപരിശോധിച്ച് കണക്ഷൻ വിച്ഛേദിക്കുന്നതിന് ഒരേനയം പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) വൻകിട ഉപഭോക്താക്കളുടെ വൈദ്യുതിചാർജ്ജ് കുടിശ്ശികയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ എത്ര കേസ്സുകൾ നിലവിലുണ്ട് ; എന്തു തുകയുടെ കുടിശ്ശികയാണ് ഇത്തരത്തിൽ ഉള്ളതെന്നറിയിക്കുമോ ;

(എഫ്) കുടിശ്ശികയുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തു തുകയുടെ സ്റ്റേ അനുവദിച്ചിട്ടുണ്ട് ; എന്തു തുകയുടെ ഇളവുകളോ ഒഴിവാക്കലുകളോ നൽകിയിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) എച്ച്.റ്റി., ഇ.എച്ച്.റ്റി. വിഭാഗത്തിൽ കേരള വാട്ടർ അതോറിറ്റി, വിവിധ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികൾ, വിവിധ പൊതുമേഖലാ സംരംഭങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്ന് വൈദ്യുതി ചാർജ് പിരിഞ്ഞുകിട്ടാനുണ്ട്. പൊതുജനങ്ങൾക്കും കുടിശ്ശിക വരുത്തിയ പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങളുടെയും അതിലുപരി സർക്കാരിന്റെ പൊതുവിലുള്ള നയത്തേയും കണക്കിലെടുത്ത് മാത്രമേ ഇത്തരം സ്ഥാപനങ്ങളിലെ വൈദ്യുതി ബന്ധം വിച്ഛേദിക്കാറുള്ളൂ. കേരള വാട്ടർ അതോറിറ്റി കുടിശ്ശിക ഇനത്തിൽ 40 കോടിരൂപ ജൂൺ 2013-ൽ അടച്ചു. 31-3-2014-ലെ കണക്കുപ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ഏകദേശം 898 കോടിരൂപ കുടിശ്ശികയായി ലഭിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എൽ.റ്റി. വിഭാഗത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കാനായി 29 സർക്കാർ സ്ഥാപനങ്ങളുടെയും 21 അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും 5 പൊതുമേഖലാ സ്ഥാപനങ്ങളുടെയും വൈദ്യുതിബന്ധം വിച്ഛേദിച്ചിട്ടുണ്ട്.

ഇരയിൽ പൈക്കം പോലീസ് സ്റ്റേഷൻ കോർട്ടേഴ്സ്, ഏറ്റുമാനൂർ പോലീസ് സ്റ്റേഷൻ കോർട്ടേഴ്സ്, കടുത്തുരുത്തി പോലീസ് സ്റ്റേഷൻ കോർട്ടേഴ്സ്, നീണ്ടൂർ പഞ്ചായത്ത് ഓഫീസ്, വെള്ളൂർ, പെരുവ പഞ്ചായത്ത്, നീഴൂർ പഞ്ചായത്ത്, ചിറയിൻകീഴ് റെയിൽവേഗേറ്റ് എന്നിവയും ഒറ്റപ്പാലത്തെ അഗ്രിക്കൾച്ചർ, ഇറിഗേഷൻ, മുനിസിപ്പാലിറ്റി, താലൂക്ക്, സർവ്വേ എന്നീ സ്ഥാപനങ്ങളും ഫറോക്കിലെ പി.ഡബ്ല്യു.ഡി. സ്ഥാപനങ്ങളും എറണാകുളത്തെ ജോയിന്റ് രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ഡിസ്ട്രിക്ട് ട്രഷറി, എൻ.എച്ച്. ഡിവിഷൻ എന്നീ സ്ഥാപനങ്ങളും ദേശമംഗലം വില്ലേജ് ഓഫീസ്, കുന്നംകുളം മുനിസിപ്പാലിറ്റി, കുരട്ടിശ്ശേരി വില്ലേജ് ഓഫീസ് എന്നിവയും കുടിശ്ശിക അടച്ച് സർവ്വീസ് പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി കുടിശ്ശികയിനത്തിൽ 4,30,326 രൂപ പിരിച്ചെടുക്കാൻ സാധിച്ചു.

(സി) റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

(i) കേരള സോപ്സ് & ഓയിൽ ലിമിറ്റഡ്.

(ii) ആസ്പ്രിൻ പ്രോജക്ട്.

(iii) കെൽട്രോൺ റെക്ടിഫയേഴ്സ്.

റവന്യൂ റിക്കവറി നടപടികൾവഴി മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ കുടിശ്ശിക അടച്ചിട്ടില്ല. എൽ. റ്റി. വിഭാഗത്തിൽ കുടിശ്ശിക അടയ്ക്കാത്ത ജി.വി.രാജാ സ്പോർട്ട്സ്സ്കൂൾ, അനിമൽ ഹസ്ബൻഡറി ഡിപ്പാർട്ട്മെന്റ്, ഫയർ ഫോഴ്സ് എന്നീ സർക്കാർ സ്ഥാപനങ്ങളുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച് കെ.എസ്.ഇ.ബിയുടെ ഭാഗത്തുനിന്നുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആലപ്പുഴ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, കാർത്തികപ്പള്ളി സെക്ഷനിലെ നിർത്തലാക്കിയ മൂന്ന് സുനാമി പുനരധിവാസ ക്യാമ്പുകൾ എന്നീ സർക്കാർ സ്ഥാപനങ്ങളുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കല്ലിശ്ശേരി ഓഫീസ് കെട്ടിടം, ഏലൂർ, പെങ്ങമനാട്, ശ്രീമൂലനഗരം, ആലങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളുടെ വക കെട്ടിടങ്ങൾ, ആലുവ മുനിസിപ്പാലിറ്റിവക നാല് കെട്ടിടങ്ങൾ എന്നിവയുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ആലപ്പുഴ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെയും പേരിലും റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) എല്ലാ ഉപഭോക്താക്കളുടെയും കണക്ഷൻ, നിശ്ചിത തീയതിക്കുള്ളിൽ ബിൽ തുക അടച്ചിട്ടില്ല എങ്കിൽ വിച്ഛേദിക്കുക എന്നതുതന്നെയാണ് നിലവിലുള്ള നിയമം. എന്നാൽ പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യങ്ങളിൽ വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

വിച്ഛേദനംമൂലം പൊതുജനങ്ങൾക്കും അതത് സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ കണക്കാക്കിയും സർക്കാരിന്റെ സാമൂഹിക പ്രതിബദ്ധതയും നയങ്ങളും കണക്കിലെടുത്തും ചില ഇളവുകൾ അനുവദിക്കാറുണ്ട്.

(ഇ) 307.53 കോടിരൂപയുടെ കുടിശ്ശികകളാണ് വിവിധ കോടതികളിൽ 192-ൽപ്പരം കേസുകളിലായി കെട്ടിക്കിടക്കുന്നത്.

(എഫ്) എച്ച്.റ്റി. വിഭാഗത്തിൽ കുടിശ്ശികയുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്റ്റേ അനുവദിച്ചിട്ടില്ല. എൽ. റ്റി. വിഭാഗത്തിൽ കുടിശ്ശികയുമായി ബന്ധപ്പെട്ട് ഈ സർക്കാർ 50,22,784 രൂപയുടെ സ്റ്റേ അനുവദിച്ചിട്ടുണ്ട്. കോട്ടയം സർക്കിളിലെ കൈപ്പുഴ വെച്ചൂർ കായൽ കർഷക സഹകരണ സംഘത്തിന്റെ വൈദ്യുതി കുടിശ്ശികയായ 50,22,784 രൂപ പിരിച്ചെടുക്കുന്നതിന്, സംഘം ബഹു. ഹൈക്കോടതിയിൽ ഫയൽചെയ്ത WA 651/13 കേസിന്റെ അന്തിമവിധി വരുന്നതുവരെ ബഹു. കേരള സർക്കാരിന്റെ നിർദ്ദേശപ്രകാരം സ്റ്റേ അനുവദിച്ചിട്ടുണ്ട്. മറ്റ് ഇളവുകളോ ഒഴിവാക്കലുകളോ നൽകിയിട്ടില്ല.

വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

17 (6468) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വർദ്ധിച്ച വൈദ്യുതി ഉപഭോഗം കണക്കിലെടുത്തു കൊണ്ട് അതിനാവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ നിന്നുള്ള വൈദ്യുതി ഉൽപാദനത്തിനാണ് മുൻഗണന നൽകിയിട്ടുള്ളത് ;

(സി) ഏറ്റവും കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കുവാൻ സാധിക്കുന്ന ചീമേനി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന 13 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾവഴി 195.1 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. കൂടാതെ 31 മെഗാവാട്ടിന്റെ 7 ചെറുകിട ജലവൈദ്യുത പദ്ധതികൾ രണ്ട് വർഷത്തിനകം ടെണ്ടർ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ സ്വകാര്യ സംരംഭകർവഴി 222 മെഗാവാട്ടിന്റെ 62 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2.80206 മെഗാവാട്ട് ശേഷിയിൽ 7 പദ്ധതികളിലായി സോളാർ പ്ലാന്റുകൾ കെ.എസ്.ഇ.ബി. സ്വന്തം നിലയ്ക്ക് സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly